V. പ്രത്യേക പരാമർശം

പാട്ടത്തുക കുറവ് ചെയ്തത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, പാട്ടത്തുക കുറവ് ചെയ്തത് സംബന്ധിച്ചുള്ള ആരോപണത്തിന് ഇന്നലെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മറുപടി പറയവേ ഇതിനു മുമ്പുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഒരു ഓർഡർ കാണിച്ചുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ അടിയന്തിര നടപടി സ്വീകരിക്കുകയുണ്ടായി എന്നു പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ ക്യാബിനറ്റ് തീരുമാനമാണ് റവന്യൂവും നിയമവും വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്തു വച്ചത്. സഭയിൽ വച്ച രേഖ നോക്കുമ്പോൾ വിദ്യാഭ്യാസ, സഹകരണ സ്ഥാപനങ്ങൾക്ക് പത്തു ശതമാനത്തിൽ നിന്ന് ഒരു ശതമാനമായിട്ട് കുറവു ചെയ്തതിനെ സംബന്ധിച്ചാണ് അദ്ദേഹം മേശപ്പുറത്തു വച്ച നോട്ടീസിൽ പറയുന്നത്. ആ ക്യാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അതു പ്രായോഗികമായി നടപ്പാക്കണം എന്നുണ്ടെങ്കിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കണം. പക്ഷേ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നില്ല. അതുകൊണ്ട് ക്യാബിനറ്റ് തീരുമാനം ഇവിടെ ചൂണ്ടികാട്ടിയതിൽ യാതൊരു അർത്ഥവുമില്ല. എന്നാൽ ഈ ഗവൺമെന്റാകട്ടെ ഇറക്കിയിട്ടുള്ള ഭേദഗതി അനുസരിച്ച് പ്രൈവറ്റ് വ്യക്തികൾ, സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങിയിട്ടുള്ള നിരവധി സ്ഥാപനങ്ങൾക്കാണ് പത്തു കൊല്ലത്തേയ്ക്ക് 25% തുക അടച്ചാൽ പഴയ കുടിശ്ശികയെല്ലാം വിട്ടുകൊടുക്കുന്ന തരത്തിലുള്ള ഓർഡർ ഇറക്കിയത്. അതനുസരിച്ചാണ് 188 കോടി രൂപ ഖജനാവിൽ വന്നുചേരേണ്ടത് ചോർന്നുപോയത്. അതു ബഹുമാനപ്പെട്ട മാണിയിൽ നിന്ന് ഈടാക്കുകയോ അല്ലെങ്കിൽ അതു സംബന്ധിച്ച് ബഹുമാനപ്പെട്ട മാണിക്ക് എന്തെങ്കിലും തർക്കമുണ്ടെങ്കിൽ ഈ സഭയിലുള്ള അംഗങ്ങളുടെ ഒരു കമ്മിറ്റി രൂപീകരിച്ച് അതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ഗവൺമെന്റിനുണ്ടായിട്ടുള്ള ഈ നഷ്ടം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയോ ചെയ്യണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ ക്യാബിനറ്റ് ഡിസിഷനൊന്നും വലിയ പ്രസക്തിയില്ല. അതിന് ജി.ഒ. ഇറങ്ങിയില്ലല്ലോ എന്നുള്ളത് പ്രതിപക്ഷ നേതാവിന്റെ വളരെ വിലകുറഞ്ഞ ഒരു argument ആണ്. ഞങ്ങൾ ക്യാബിനറ്റ് ഡിസിഷനെടുത്തു. ശ്രീ. വി.എസ്. അച്ചുതാനന്ദനോട് എനിക്ക് പറയാനുള്ളത് ഞാനിന്നലെ പറഞ്ഞതുപോലെതന്നെ നിങ്ങൾ ക്യാബിനറ്റിൽവച്ച് ഒരു ശതമാനമായി കുറച്ച നിരക്ക്, ഞങ്ങൾ രണ്ടു ശതമാനമാക്കി ഉയർത്തിയാണ് ഇവിടെ ഫിക്സ് ചെയ്തിരിക്കുന്നത്.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: Mr. Devakumar, please resume your seat..... please.....please.....

ശ്രീ. കെ.എം. മാണി: ഒച്ചവച്ച ഗവൺമെന്റിനെക്കൊണ്ട് പറയിപ്പിക്കുകയില്ലെന്നുള്ള നിലപാട് ശരിയല്ല, ഗവൺമെന്റിന് പറയാനുള്ളത് പറയും. രണ്ടു ശതമാനമാക്കി കുറച്ചതിലുള്ള നഷ്ടം കെ.എം. മാണി സർക്കാരിലേയ്ക്ക് കൊടുക്കണമെന്നുണ്ടെങ്കിൽ ഒരു ശതമാനമാക്കി നായനാർ ഗവൺമെന്റ് കുറച്ചതിന്റെ നഷ്ടം അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. വി.എസ്. അച്ചുതാനന്ദൻ ഗവൺമെന്റിലേയ്ക്ക് കൊടുക്കണം, മാർക്സിസ്റ്റ് പാർട്ടി ഗവൺമെന്റിലേയ്ക്ക് കൊടുക്കണം. നിങ്ങൾ യാതൊരു കാര്യവുമില്ലാതെ വെറും കച്ചിത്തുരുമ്പുമായി നടക്കുകയാണ് .....(ബഹളം)..... ഇത് എ.കെ. ആന്റണി മന്ത്രിസഭയാണ് തീരുമാനിച്ചത്, അല്ലാതെ കെ.എം. മാണിയല്ല. ഇത് അഞ്ച് മന്ത്രിമാരടങ്ങുന്ന സബ് കമ്മിറ്റി പരിശോധിച്ചതിനുശേഷം, നിയമസഭയിൽ വച്ചതിനുശേഷം ക്യാബിനറ്റ് കൂടി പരിശോധിച്ച് എ.കെ. ആന്റണി മന്ത്രിസഭ unanimous ആയി അംഗീകരിച്ച ഒരു കാര്യമാണ്.....(ബഹളം)..... ഒച്ചയുണ്ടാക്കി ഇതിനെ സംബന്ധിച്ചൊന്നും.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: Sir, I raise a point of order

ശ്രീ. കെ. എം. മാണി: I am on my own legs.....I am on my own legs.:.....(ബഹളം)..... ഞാൻ ഇരുന്നില്ല .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ല.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ ചോദ്യം ചോദിക്കുകയല്ല, ഇത് point of order ആണ്.

ശ്രീ. കെ. എം. മാണി: ഞാൻ ഇരിക്കട്ടെ, പിന്നീട് ചോദിക്കാമല്ലോ. ഇവിടെ ബഹുമാനപ്പെട്ട വി.എസ്. അച്ചുതാനന്ദൻ പറയുന്നത് 1995-നുമുമ്പുള്ളത് പഴയ റേറ്റിൽ അടയ്ക്കണം, 1995 മുതലുള്ളത് ഒന്നിച്ച് അടയ്ക്കുകയാണെങ്കിൽ 25% അടച്ചാൽ മതി എന്നാണ്. ഇത് ഇവിടെ മാത്രമല്ല.....(ബഹളം).....

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, അതിന് ക്യാബിനറ്റ് തീരുമാനമുണ്ടോയെന്ന് പറയണം. .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ഞാൻ പറയട്ടെ.....(ബഹളം)..... കുറച്ച് ഹോംവർക്ക് ചെയ്തിട്ടുവേണം പ്രതിപക്ഷനേതാവ് വരാൻ. എന്റെ കൈയിൽ ജി.ഒ. ഉണ്ട്. ഇത് ഗസറ്റിൽ notify ചെയ്തതാണ്. Statutory rule അനുസരിച്ച് കോപ്പി കൊടുത്തിട്ടുള്ളതാണ്. അതിൽ പറയുന്നത് The arrears of lease rent for the period from 1995 to the date of coming into force of the revised lease rent shall be settled by remitting twenty-five per cent of such amount. എന്നാണ്. അതുണ്ടായിട്ടും ഇതൊക്കെ നിങ്ങൾ വെറുതേ പറഞ്ഞാൽ മതിയോ, ക്യാബിനറ്റ് ഡിസിഷനുണ്ടോ എന്ന് ചോദിക്കുകയാണ്. നിങ്ങളിതു പഠിക്കണം, നിങ്ങൾ എന്തെങ്കിലും ആക്ഷേപം ഉന്നയിക്കുന്നതിനുമുമ്പ് ഫയൽനോക്കി പഠിക്കണം, ഹോംവർക്ക് ചെയ്യണം. പ്രതിപക്ഷനേതാവ് അടിസ്ഥാനരഹിതമായ കാര്യങ്ങളാണ് പറയുന്നത്.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എന്റെ point of order കേൾക്കണം.....(ബഹളം).....

ശ്രീ. കെ. എം. മാണി: Sales tax -ന് one time settlement ഉണ്ട്. ഹൗസിംഗ് ബോർഡിൽ one time settlement ഉണ്ട്. പിരിഞ്ഞുകിട്ടാത്ത പഴയ കുടിശ്ശികകളെ സംബന്ധിച്ചിടത്തോളം incentive കൊടുത്തുകൊണ്ട് പിരിക്കും. അതിനുവേണ്ടിയാണ് 25% അടച്ചാൽ മതിയെന്നു പറഞ്ഞിരിക്കുന്നത്. ഇതൊന്നും എന്റെ ഡിസിഷനല്ല, ഇതൊക്കെ ക്യാബിനറ്റ് കൂടിയപ്പോൾ ഞങ്ങൾ കൂട്ടായെടുത്ത തീരുമാനമാണ്. അത് ഞങ്ങളുടെ പോളിസിയാണ്, നിങ്ങൾക്കിതിൽ interfere ചെയ്യേണ്ട കാര്യമില്ല. This is the policy of the UDF Government അതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: What is your point of order?

VI. ക്രമപ്രശ്നം

ക്യാബിനറ്റ് തീരുമാനത്തിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുന്നതു സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുന്നതിനിടയ്ക്ക് ഞാനൊരു point of order ഉന്നയിച്ചിരുന്നു. റൂൾ 295 അനുസരിച്ച് അദ്ദേഹം ഇവിടെ ഉദ്ധരിച്ച കടലാസ് മേശപ്പുറത്തുവയ്ക്കണമെന്നു പറഞ്ഞപ്പോഴാണ് എൽ.ഡി.എഫ്. ഭരണകാലത്തെ ക്യാബിനറ്റ് മിനിട്ട്സിന്റെ കോപ്പി അദ്ദേഹം മേശപ്പുറത്തുവച്ചത്. ആ സന്ദർഭത്തിൽ തന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇപ്പോൾ ഗവൺമെന്റ് എടുത്തിട്ടുള്ള ക്യാബിനറ്റ് തീരുമാനത്തിന്റെ കോപ്പി വയ്ക്കണമെന്നു പറഞ്ഞു. അത് ഞങ്ങൾക്ക് തന്നിട്ടില്ല. ഇപ്പോഴും അദ്ദേഹം ഇപ്പോൾ എടുത്ത ക്യാബിനറ്റ്